SJD/4020/2022-C3

2272/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 14-10-2022
Email-swdkerala@gmail.com
Phone-0471–2306040

**<u>സർക്കുലർ</u>**

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ട്രാൻസ്ജെൻഡർ ക്ഷേമം - വർണ്ണപ്പകിട്ട്-2०22 - ട്രാൻസ്ജെൻഡർ കലോത്സവം - സർക്കുലർ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. ഈ കാര്യാലയത്തിലെ 15.08.2022, 19.09.2022 എന്നീ തീയതികളിലെ SJD/1297/2022-C3 നമ്പർ സർക്കുലർ.
2. ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ നിർദേശം.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ട്രാൻസ്ജെൻഡർ കലോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) പ്രകാരം നിർദേശം നൽകിയിരുന്നു.

കലോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിലേയ്ക്ക് ജില്ലാ തലത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരം നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.

1. കലോത്സവത്തിൽ പങ്കെടുക്കുന്നതിനായി വിവിധ ജില്ലകളിൽ നിന്നും എത്തിച്ചേരുന്ന മത്സരാർത്ഥികൾ, ജില്ലാ ജസ്റ്റിസ് കമ്മിറ്റി അംഗങ്ങൾ, <u>നിലവിൽ ഗൂഗിൾ ഫോം രജിസ്റ്റർ ചെയ്തിട്ടുള്ളതും ഐഡി കാർഡ് ഉള്ളതുമായ ട്രാൻസ്ജെൻഡർ വ്യക്തികൾ</u>, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് വാഹന സൗകര്യം, താമസ സൗകര്യം, ഭക്ഷണം എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2. മത്സരാർത്ഥികൾ എല്ലാവരും ട്രാൻസ്ജെൻഡർ ഐ ഡി കാർഡ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ കയ്യിൽ കരുതേണ്ടതും, മത്സരത്തിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി ഐ ഡി കാർഡ് ബന്ധപ്പെട്ട സ്റ്റേജ് മാനേജർക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

3.മുൻകൂട്ടി രെജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത, മത്സരാർഥികൾ അല്ലാത്ത ട്രാൻസ്ജെൻഡർ വ്യക്തികൾ ഭക്ഷണ കൂപ്പൺ ലഭിക്കുന്നതിന് സ്പോട്ട് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

4.ഓരോ ജില്ലകളിൽ നിന്നും വാഹനത്തിൽ എത്തിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ജില്ലയിൽ തന്നെ പൂർത്തിയാക്കി പ്രസ്തുത ലിസ്റ്റ് അതാത് ജില്ലാ കോർഡിനേറ്റർമാർ മുഖേന രജിസ്ട്രേഷൻ കൌണ്ടറിൽ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ ഫുഡ് കൂപ്പൺ, അതാത് ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രീൻ റൂമിന്റെ അലോട്ട്മെന്റ് എന്നിവ യഥാസമയം കൈപ്പറ്റേണ്ടതുമാണ്.

5.വിവിധ ജില്ലകളിൽ നിന്നും കലോത്സവത്തിൽ പങ്കെടുക്കുന്നതിനായി എത്തി ചേരുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ജില്ലാ കോ- ഓർഡിനേറ്റർമാർക്കായിരിക്കും. (യാത്ര, താമസം, മറ്റ് സൗകര്യങ്ങൾ)

6. വിവിധ ജില്ലകളിൽ നിന്നെത്തുന്ന എല്ലാ വാഹനങ്ങളും 2022 ഒക്ടോബർ 15 ന് രാവിലെ 5.०० മണിയോടു കൂടി തിരുവനന്തപുരത്ത് എത്തിച്ചേരേണ്ടതും, മത്സരാർത്ഥികളും, കോ- ഓർഡിനേറ്റർമാരും കൃത്യം 8.30-യോടു കൂടി കലോത്സവ വേദിയിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടി വിഷയത്തിൽ സമയക്ലിപ്തത പാലിക്കുന്നുണ്ടെന്ന് അതാത് ജില്ലാ കോ-ഓർഡിനേറ്റർമാർ ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലകളിൽ നിന്നും വാഹനം പുറപ്പെടുന്ന സമയം, എത്തിച്ചേരേണ്ട താമസ സ്ഥലം എന്നിവയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട

കമ്മിറ്റി മുഖാന്തിരം അറിയിക്കുന്നതാണ്.

7.കലോത്സവവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടാകുന്ന പക്ഷം, ആയത് ബന്ധപ്പെട്ട ജില്ലാ കോ – ഓർഡിനേറ്റർ മുഖേന <u>മാത്രം</u> ഗ്രീവൻസ് കമ്മിറ്റിയെ അറിയിക്കേണ്ടതാണ്.

8. വിവിധ ജില്ലകളിൽ നിന്നും എത്തിച്ചേരുന്ന കോ – ഓർഡിനേറ്റർമാർ 2022 ഒക്ടോബർ 15 ന് രാവിലെ 9.൦൦ മണിക്ക് തന്നെ പ്രോഗ്രാം കമ്മിറ്റിയുമായി ബന്ധപ്പെടേണ്ടതാണ്.

9."വർണ്ണപ്പകിട്ട് -2022'' ന്റെ ഭാഗമായുള്ള മത്സര ഇനങ്ങളുടെ സമയക്രമം, രെജിസ്ട്രേഷൻ ഫോമിന്റെ മാതൃക, പ്രോഗ്രാം മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ സബ്കമ്മിറ്റി കൺവീനർമാരുടെ contact details എന്നിവ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

M. ANJANA IAS
**സാമൂഹ്യനീതി ഡയറക്ടർ**

**അംഗീകാരത്തോടെ**